## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :5126** **02.07.2013 ൽ മറുപടി നല്ലേണ്ടിയിരുന്നത്**

## 2500 സ്ക്വയർ ഫീറ്റ് അധികം വരുന്ന കെട്ടിടങ്ങൾക്ക് സോളാർ റൂഫ് പാനൽ

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

(എ) സംസ്ഥാനത്ത് 2500 സ്ക്വയർ ഫീറ്റ് അധികം വരുന്ന കെട്ടിടങ്ങൾക്ക് സോളാർ റൂഫ് പാനൽ നിർമ്മിക്കുന്നത് നിർബന്ധമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ;

(ബി) ഏതെങ്കിലും പഠനത്തിന്റെയോ ആരുടെയെങ്കിലും ശുപാർശയുടെയോ അടിസ്ഥാനത്തിലാണോ ഈ ഉത്തരവ് പുറത്തിറക്കിയതെന്ന് വെളിപ്പെടുത്താമോ ;

(സി) അല്ലെങ്കിൽ ഏതു സാഹചര്യത്തിലാണ്

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ 500 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള ചില ജാതി കെട്ടിടങ്ങൾക്ക് സൗരോർജ്ജ സഹായ ത്താലുള്ള വാട്ടർ ഹീറ്ററുകളോ ലൈറ്റിംഗ് സംവിധാനമോ ഏർപ്പെടുത്തണമെന്ന് പ്രതിപാദിക്കുന്നുണ്ട്. കൂടാതെ 25.11.2013 ന് ഊർജ്ജ വകുപ്പിൽ നിന്ന് പുറത്തിറക്കിയ സ.ഉ.(പി) 49/2013/ഊ.വ യിലെ ക്ലാസ് നം. 6.7 പ്രകാരം 2500 ചതുരശ്രഅടിമുതൽ 3000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് 100 ലിറ്റർ സൗരവാട്ടർ ഹീറ്ററും 500 വാട്ട് സോളാർ പി.വി സിസ്റ്റവും 3000 ചതുരശ്രഅടിയ്ക്ക് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 100 ലിറ്റർ സൗരവാട്ടർ ഹീറ്ററും 1000 - വാട്ട് സോളാർ പി.വി. സിസ്റ്റവും സ്ഥാപിക്കുവാൻ നിർദ്ദേശിക്കുന്നുണ്ട്. ഇതു പ്രകാരം നിലവിലെ കെട്ടിട നിയമത്തിലും ബൈലോയും വേണ്ട ഭേദഗതി വരുത്തുവാൻ തദ്ദേശസ്വയം ഭരണ വകുപ്പിന് വേണ്ട നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) യും (സി) യും

സൗരോർജ്ജ ഉത്പാദനവും ഉപയോഗവും വർദ്ധിപ്പിക്കേണ്ടതിനായി സംസ്ഥാനത്ത് ഒരു സൗരോർജ്ജ നയം രൂപീകരിക്കുവാൻ

ഈ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വിശദമാക്കാമോ:

സർക്കാർ തീരുമാനിച്ചിരുന്നു. അതിൻ പ്രകാരം സോളാർ പോളിസിയുടെ കരട് രൂപീകരിക്കുന്നതിലേയ്ക്കായി 04.03.2012 ലെ സ.ഉ.(ആർ.റ്റി) 160/2012/പി.ഡി നം. ഉത്തരവ് പ്രകാരം അനെർട്ട് ഡയറക്ടർ കൺവീനറായും ഇ.എം.സി ഡയറക്ടർ, കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയർ (കോർപ്പറേറ്റ് പ്ലാനിംഗ്) എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച കരട് നയം പൊതുജനങ്ങൾക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിനായി അനെർട്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ഇപ്രകാരം പൊതുജനങ്ങളിൽ നിന്നും ലഭിച്ച അഭിപ്രായത്തിന്റെയും കമ്മിറ്റിയുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ എക്സ്പെർട്ട് കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്തിയശേഷമാണ് 25.11.2013 ലെ സ.ഉ(പി)49/13/ഊ.വ പ്രകാരം പ്രസ്തുത സൗരോർജ്ജ പോളിസി സർക്കാർ അംഗീകരിച്ചത്.

(ഡി) ഇതുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(ഡി) ഊർജ്ജ വകുപ്പിൽ നിന്നും പുറത്തിറക്കിയ സോളാർ പോളിസിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**